**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2069** **14-10-2024 - ൽ മറുപടിയ്ക്ക്**

**ഋൺകൃഷി തട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | ഋൺകൃഷി പരിശീലനവും കൃഷിക്കാവശ്യമായ സൗകര്യങ്ങളും നൽകാമെന്ന് വാഗ്ദാനം ചെയ്ത് ചെങ്ങന്നൂർ സ്വദേശിയായ ബിന്ദു എൻ. ദാസ് പണം തട്ടിയെടുത്തത് സംബന്ധിച്ച് സംസ്ഥാന പോലീസിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; എത്ര പരാതികളിൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ട്; പരാതികളിൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (എ) | ഋൺകൃഷി പരിശീലനവും കൃഷിക്കാവശ്യമായ സൗകര്യങ്ങളും നൽകാമെന്ന് വാഗ്ദാനം ചെയ്ത് ചെങ്ങന്നൂർ സ്വദേശിയായ ബിന്ദു.എൻ.ദാസ് പണം തട്ടിയെടുത്തത് സംബന്ധിച്ച് പോലീസിൽ 4 പരാതികൾ ലഭിച്ചിട്ടുള്ളതും എല്ലാ പരാതികളിലും തുടർനടപടി സ്വീകരിച്ചിട്ടുള്ളതുമാണ്.<br><br>കോഴിക്കോട് റൂറൽ ജില്ലയിലെ പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷനിൽ ലഭിച്ച പരാതിയിൽ ക്രൈം 33/2023 U/s 406, 420 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി പ്രതിയായ ബിന്ദു.എൻ ദാസിനെതിരെ 31.08.2023 -ൽ ബഹു. JFCM II Perambra കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും ടി കേസ് CC 811/2023 നമ്പറായി വിചാരണ നടപടികൾ നടന്നു വരുന്നതുമാണ്.<br><br>തിരുവനന്തപുരം ജില്ലയിലെ മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ ലഭിച്ച പരാതിയിൽ Crime No. 1127/2024 U/s 406, 420 IPC പ്രകാരം കേസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു.<br><br>ഇതിന് പുറമേ ആലപ്പുഴ ജില്ലയിൽ നൂറനാട് പോലീസ് സ്റ്റേഷനിൽ ലഭിച്ച 2 പരാതികളിൽ, ഒരു പരാതിയിന്മേൽ ക്രൈം 268/22 U/s 420 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ചാർജ്ജ് ഷീറ്റ് ബഹു. കോടതി മുമ്പാകെ ഹാജരാക്കി CC 269/2022 നമ്പറായി വിചാരണ നടപടികൾ നടന്നു വരുന്നു. ഒരു പരാതിയിലെ സാമ്പത്തിക ഇടപാടുമായി ബന്ധപ്പെട്ട വിഷയത്തിൽ ബഹുമാനപ്പെട്ട കോടതി മുഖാന്തിരം പരിഹാരം തേടുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | മേൽപ്പറഞ്ഞ തട്ടിപ്പുമായി ബന്ധപ്പെട്ട് കോഴിക്കോട് പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 33/2023 നമ്പർ എഫ്.ഐ.ആർ., തിരുവനന്തപുരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ | (ബി) | ഋൺകൃഷി പരിശീലനവും കൃഷിക്കാവശ്യമായ സൗകര്യങ്ങളും നൽകാമെന്ന് വാഗ്ദാനം ചെയ്ത് ചെങ്ങന്നൂർ സ്വദേശിയായ ബിന്ദു.എൻ.ദാസ് പണം തട്ടിയെടുത്തത് സംബന്ധിച്ച് പോലീസിൽ 4 |

| | | | |
|---|---|---|---|
| | ചെയ്ത 1127/24 നമ്പർ എഫ്.ഐ.ആർ., എന്നിവ പ്രകാരം എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | | പരാതികൾ ലഭിച്ചിട്ടുള്ളതും എല്ലാ പരാതികളിലും തുടർനടപടി സ്വീകരിച്ചിട്ടുള്ളതുമാണ്.<br><br>കോഴിക്കോട് റൂറൽ ജില്ലയിലെ പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷനിൽ ലഭിച്ച പരാതിയിൽ ക്രൈം 33/2023 U/s 406, 420 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി പ്രതിയായ ബിനു.എൻ ദാസിനെതിരെ 31.08.2023 -ൽ ബഹു. JFCM II Perambra കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും ടി കേസ് CC 811/2023 നമ്പറായി വിചാരണ നടപടികൾ നടന്നു വരുന്നതുമാണ്.<br><br>തിരുവനന്തപുരം ജില്ലയിലെ മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ ലഭിച്ച പരാതിയിൽ Crime No. 1127/2024 U/s 406, 420 IPC പ്രകാരം കേസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു.<br><br>ഇതിന് പുറമേ ആലപ്പുഴ ജില്ലയിൽ നൂറനാട് പോലീസ് സ്റ്റേഷനിൽ ലഭിച്ച 2 പരാതികളിൽ, ഒരു പരാതിയിന്മേൽ ക്രൈം 268/22 U/s 420 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ചാർജ്ജ് ഷീറ്റ് ബഹു. കോടതി മുമ്പാകെ ഹാജരാക്കി CC 269/2022 നമ്പറായി വിചാരണ നടപടികൾ നടന്നു വരുന്നു. ഒരു പരാതിയിലെ സാമ്പത്തിക ഇടപാടുമായി ബന്ധപ്പെട്ട വിഷയത്തിൽ ബഹുമാനപ്പെട്ട കോടതി മുഖാന്തിരം പരിഹാരം തേടുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | അന്വേഷണം ത്വരിതപ്പെടുത്തി പരാതിക്കാർക്ക് അടിയന്തരമായി നീതി ലഭ്യമാക്കുന്നതിനും കൂടുതൽ പേർ തട്ടിപ്പിന് ഇരയാകുന്നത് തടയുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | ഇത്തരത്തിലുള്ള കേസുകളിന്മേൽ പഴുതില്ലാത്ത അന്വേഷണം നടത്തി കോടതികളിൽ കുറ്റപത്രം സമർപ്പിക്കുകയും അതോടൊപ്പം കൂടുതൽപേർ തട്ടിപ്പിന് ഇരയാകുന്നത് തടയുന്നതിനായി പൊതുജനങ്ങൾക്ക് കാര്യമായ ബോധവൽക്കരണം നടത്തിവരികയും ചെയ്യുന്നുണ്ട് |

സെക്ഷൻ ഓഫീസർ